പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1166 — 12.06.2014- ൽ മറുപടിക്ക്

നേമം മണ്ഡലത്തിലെ പൊന്നുമംഗലം വാർഡിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ശിവൻകുട്ടി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | നേമം നിയോജക മണ്ഡലത്തിലെ പൊന്നുമംഗലം വാർഡിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി യിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ച ഊറ്റുകുഴി- മഠത്തുവിളാകം റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധി ച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) & (ബി) | നേമം നിയോജക മണ്ഡലത്തിലെ ഊറ്റുകുഴി - മഠത്തുവീട് ലെയിൻ റോഡുകൾ എന്ന പ്രവൃത്തിക്ക് 04-04-2013 ലെ സ.ഉ.(ആർ.റ്റി) നം. 1947/13/ഡി.എം.ഡി. ഉത്തരവിൻപ്രകാരം ഭരണാനുമതി നൽകുകയും തുടർന്ന് ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പി നെക്കൊണ്ട് നിർവ്വഹിക്കുന്നതിന് 22-06-2013 ലെ സ.ഉ. (ആർ.റ്റി) നം. 3538/13/ഡി.എം.ഡി ഉത്തരവിൻപ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. അതു പ്രകാരം 03-04-2015 ൽ ടി പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്നതാണ്. വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി 29-07-2013ന് പി.ഡബ്ല്യൂ.ഡി റോഡ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടി ഉത്തരവുകളുടെ പകർപ്പുകൾ ജില്ലാ കളക്ടർ നൽകിയിരുന്നു. എന്നാൽ നാളിതുവരെ പി.ഡബ്ല്യൂ.ഡി പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ച് ഭരണാനുമതി വാങ്ങിയിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്കു പൂർത്തിയാകും എന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ